# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 23.07.2026**

### പ്രധാനവാർത്തകൾ

1. നീറ്റ് ചോദ്യപ്പേപ്പർ ചോർച്ച ഉൾപ്പെടെ വിവിധ വിഷയങ്ങളിലെ പ്രതിപക്ഷ ബഹളത്തെ തുടർന്ന് പാർലമെന്റിന്റെ ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു.
2. രാജ്യത്തെ യുവജനങ്ങളുടെ ഭാവിക്കും ക്ഷേമത്തിനുമാണ് പ്രാധാന്യം നൽകുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. നീറ്റ് വിഷയത്തിൽ കുറ്റക്കാർക്ക് ശിക്ഷ അതിവേഗം ഉറപ്പാക്കാൻ ഫാസ്റ്റ് ട്രാക്ക് കോടതികൾ സ്ഥാപിക്കുമെന്നും പ്രധാനമന്ത്രി.
3. വയനാട് കള്ളാടി മണ്ണിടിച്ചിൽ മേഖലയിൽ സമഗ്ര പഠനം അനിവാര്യമെന്ന് സംസ്ഥാന സർക്കാർ നിയോഗിച്ച വിദഗ്ധ സമിതി.
4. സംസ്ഥാനത്ത് ഉപതിരഞ്ഞെടുപ്പിന് മുന്നോടിയായി 38 തദ്ദേശ വാർഡുകളിലെ കരട് വോട്ടർപട്ടിക തിരഞ്ഞെടുപ്പ് കമ്മീഷൻ പ്രസിദ്ധീകരിച്ചു.
5. സ്ത്രീകൾക്ക് സുരക്ഷിത രാത്രികാല യാത്ര ഉറപ്പാക്കുന്നതിന് പിങ്ക് ബസ് സർവീസ് ആരംഭിച്ച് കെ.എസ്.ആർ.ടി.സി.
6. പുരുഷ ട്വന്റി-20 ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരത്തിൽ സിംബാബ്‌വെയ്ക്കെതിരെ ഇന്ത്യക്ക് 126 റൺ വിജയലക്ഷ്യം.

&&&&&&&&&&&&&&&&&&

RAJU TVPM

<u>പാർലമെൻറ്</u>

നീറ്റ് ചോദ്യപ്പേപ്പർ ചോർച്ച ഉൾപ്പെടെ വിവിധ വിഷയങ്ങളിൽ പ്രതിപക്ഷ ബഹളത്തെ തുടർന്ന് പാർലമെന്റിന്റെ ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു. രാവിലെ നടപടികൾ ആരംഭിച്ചപ്പോൾ തന്നെ നീറ്റ് വിഷയത്തിൽ പ്രതിപക്ഷ അംഗങ്ങൾ ലോക്സഭയിലും രാജ്യസഭയിലും പ്രതിഷേധിച്ചു. പ്രതിപക്ഷ ബഹളത്തിൽ നിരവധി തവണ ഇരുസഭകളിലും നടപടികൾ തടസ്സപ്പെട്ടു.

അതെസമയം, വിഷയത്തിൽ വിശദമായ ചർച്ചയ്ക്ക് സർക്കാർ തയ്യാറാണെന്നും വിദ്യാർത്ഥികളുടെ നന്മ മുൻനിർത്തി പാർലമെന്റിൽ ചർച്ച ചെയ്യുന്നതിന് പ്രതിപക്ഷം സഹകരിക്കണമെന്നും കേന്ദ്രമന്ത്രി കിരൺ റിജിജു പറഞ്ഞു. ചോദ്യപ്പേപ്പർ ചോർച്ചയുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികൾക്കുള്ള ആശങ്കകളെ സർക്കാർ അതീവ ഗൗരവത്തോടെയാണ് കാണുന്നതെന്ന് കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ അറിയിച്ചു.

&&&&&&&&&&&&&&&&&&

<u>പി.എം - ഫാസ്റ്റ് ട്രാക്ക് കോടതി</u>

രാജ്യത്തെ യുവജനങ്ങളുടെ ഭാവിക്കും ക്ഷേമത്തിനുമാണ് പ്രാധാന്യം നൽകുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ചോദ്യപേപ്പർ ചോർച്ചയിൽ ഉൾപ്പെട്ടവർക്ക് തക്കതായ ശിക്ഷ അതിവേഗം ഉറപ്പാക്കാൻ സർക്കാർ ഫാസ്റ്റ് ട്രാക്ക് കോടതികൾ സ്ഥാപിക്കുമെന്ന് അദ്ദേഹം സമൂഹമാധ്യമത്തിൽ അറിയിച്ചു. ഇതിന് ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കാൻ ബന്ധപ്പെട്ട അധികാരികൾക്കും ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയതായും പ്രധാനമന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

<u>തദ്ദേശ ഉപതിരഞ്ഞെടുപ്പ് -കരട് പട്ടിക</u>

ഉപതിരഞ്ഞെടുപ്പിന് മുന്നോടിയായി സംസ്ഥാനത്തെ 38 തദ്ദേശ വാർഡുകളിലെ കരട് വോട്ടർപട്ടിക തിരഞ്ഞെടുപ്പ് കമ്മീഷൻ പ്രസിദ്ധീകരിച്ചു. കരട് പട്ടിക അതത്

RNU TVPM

തദ്ദേശസ്ഥാപനങ്ങളിലും താലൂക്ക്/വില്ലേജ് ഓഫീസുകളിലും കമ്മീഷന്റെ വെബ്സൈറ്റിലും പരിശോധിക്കാം. കരട് പട്ടികയിൽ പേര് ഉൾപ്പെടാത്തവർക്ക് ഓഗസ്റ്റ് 5 വരെ പേര് ചേർക്കാൻ അവസരമുണ്ട്. അന്തിമ വോട്ടർപട്ടിക 19ന് പ്രസിദ്ധീകരിക്കും.

&&&&&&&&&&&&&&&&&&

**കെ എസ് ആർ ടി സി പിങ്ക് ബസ്- ലേഡീസ് ഒൺലി**

സ്ത്രീകൾക്ക് സുരക്ഷിത രാത്രികാല യാത്ര ഉറപ്പാക്കുന്നതിന് കെ.എസ്.ആർ.ടി.സിയുടെ 'പിങ്ക് ബസ്' സർവീസിന് തിരുവനന്തപുരത്ത് തുടക്കമായി. തിരുവനന്തപുരം സെൻട്രൽ ഡിപ്പോയിൽ മന്ത്രി സി പി ജോൺ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിച്ചു. തൊഴിൽ ചെയ്യുന്ന സ്ത്രീകൾക്ക് സുരക്ഷിതവും സൗകര്യപ്രദവുമായ യാത്ര ഉറപ്പാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യമെന്ന് അദ്ദേഹം പറഞ്ഞു. രാത്രി എട്ടിനും പത്തിനും പിങ്ക് ബസ് സർവീസുകൾ ഉണ്ടാകും.

&&&&&&&&&&&&&&&&&&

**ക്ഷേമ പെൻഷൻ**

സംസ്ഥാനത്ത് ജൂലൈ മാസത്തെ സാമൂഹ്യ സുരക്ഷ - ക്ഷേമ നിധി ബോർഡ് പെൻഷൻ വിതരണം നാളെ മുതൽ. ഇതിനായി 1,095 കോടി രൂപ അനുവദിച്ചതായി മുഖ്യമന്ത്രി അറിയിച്ചു.

&&&&&&&&&&&&&&&&&&

**കള്ളാടി മണ്ണിടിച്ചിൽ**

വയനാട് കള്ളാടി മണ്ണിടിച്ചിൽ മേഖലയിൽ സമഗ്ര പഠനം അനിവാര്യമാണെന്ന് സംസ്ഥാന സർക്കാർ നിയോഗിച്ച വിദഗ്ധ സമിതിയുടെ വിലയിരുത്തൽ. അപകട സ്ഥലം സന്ദർശിച്ച ശേഷം സമിതി അംഗമായ ഭൗമ ശാസ്ത്രജ്ഞൻ ഡോ. സി.പി രാജേന്ദ്രനാണ് ഇക്കാര്യം അറിയിച്ചത്. മേഖലയിൽ അശാസ്ത്രീയ നിർമ്മാണം നടന്നിട്ടുണ്ടോയെന്ന് വിശദമായി പരിശോധിക്കുമെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&

**പ്രിയദർശിനി വായ്പാ പദ്ധതി**

RNU TVM

പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന വിവിധ ക്ഷേമപദ്ധതികളുടെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി വി. ഡി. സതീശൻ എറണാകുളത്ത് നിർവഹിച്ചു. സ്ത്രീകളെയും പിന്നാക്ക വിഭാഗങ്ങളെയും സ്വയം പര്യാപ്തരാക്കുന്നതിനാണ് മുൻഗണന നൽകുന്നതെന്ന് മുഖ്യമന്ത്രി പറഞ്ഞു. വനിതാ സംരംഭകർക്ക് പ്രത്യേക പലിശരഹിത വായ്പാ പദ്ധതി, പ്രിയദർശിനി സ്വയം തൊഴിൽ വായ്പാ പദ്ധതി, സർവീസിൽ നിന്ന് വിരമിച്ചവർക്കും കുടുംബ പെൻഷൻ ലഭിക്കുന്നവർക്കുമുള്ള വായ്പ പദ്ധതി എന്നിവയാണ് ക്ഷേമപദ്ധതികൾ.

&&&&&&&&&&&&&&&&&&

<u>പാലക്കാട് (ഇൻട്രോ)</u>

നെല്ലിന്റെ സംഭരണ വില വിതരണം പുനരാരംഭിക്കാൻ സംസ്ഥാന  പ്രോത്സാഹന ബോണസ് ഇനത്തിൽ സർക്കാർ 104.79 കോടി രൂപ അനുവദിച്ചു. അടുത്തയാഴ്ച മുതൽ വിലവിതരണം പുനരാരംഭിക്കും.

**വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്..... (വോയ്സ്)**

&&&&&&&&&&&&&&&&&&

<u>എസ്.എഫ്.ഐ - പ്രതിഷേധം</u>

നീറ്റ് പരീക്ഷാ വിഷയത്തിൽ സംസ്ഥാന വ്യാപക പ്രതിഷേധവുമായി എസ് എഫ് ഐ. ലോക്ഭവനിലേക്ക് നടത്തിയ പ്രതിഷേധ മാർച്ച് പ്രതിപക്ഷ നേതാവ് പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. മറ്റ് ജില്ലകളിൽ നടന്ന പ്രതിഷേധ പ്രകടനങ്ങൾ പിന്നീട് സംഘർഷത്തിൽ കലാശിച്ചു. നാളെ എസ് എഫ് ഐ യുടെ വിദ്യാഭ്യാസ ബന്ദാണ്. അതേസമയം, ചോദ്യപേപ്പർ ചോർച്ചയിൽ പാർലമെൻറിലെ ചർച്ചയിൽ നിന്ന് കോൺഗ്രസ് ഒളിച്ചോടുന്നതായി ബിജെപി സംസ്ഥാന അധ്യക്ഷനും എംഎൽഎയുമായ  രാജീവ് ചന്ദ്രശേഖർ

RNU TVPM

പറഞ്ഞു.  മുഖ്യമന്ത്രിയുടെ ഔദ്യോഗിക വസതിയിലേക്ക് നാളെ യുവമോർച്ചയുടെ നേതൃത്വത്തിൽ  മാർച്ച് നടക്കും.

&&&&&&&&&&&&&&&&&&&

## പി.എസ്. പ്രശാന്ത്

ശബരിമല സ്വർണ്ണ അപഹരണ കേസിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് മുൻ പ്രസിഡൻറ് പി.എസ് പ്രശാന്തിനെ പ്രത്യേക അന്വേഷണ സംഘം അറസ്റ്റ് ചെയ്തു. തിരുവനന്തപുരത്തെ വസതിയിൽ നിന്ന് ഇന്ന് രാവിലെയാണ് കസ്റ്റഡിയിൽ എടുത്തത്. കൊല്ലം പോലീസ് ക്ലബ്ബിലെ ചോദ്യം ചെയ്യലിന് ശേഷം അറസ്റ്റ് രേഖപ്പെടുത്തുകയായിരുന്നു.

&&&&&&&&&&&&&&&&&&&

## നടിയെ ആക്രമിച്ച കേസ്

നടിയെ ആക്രമിച്ച കേസിലെ അഞ്ച്, ആറ് പ്രതികളുടെ ശിക്ഷ മരവിപ്പിക്കണമെന്ന ആവശ്യം ഹൈക്കോടതി തള്ളി. അഞ്ചാം പ്രതി സലീം, ആറാം പ്രതി പ്രദീപ് എന്നിവർ നൽകിയ ഹർജികളാണ് ഡിവിഷൻ ബെഞ്ച് തള്ളിയത്. നേരത്തെ ഒന്നാം പ്രതി പൾസർ സുനിയുടെ ഇതേ ആവശ്യവും ഹൈകോടതി തള്ളിയിരുന്നു. 2025 ഡിസംബറിലാണ് എറണാകുളം പ്രിൻസിപ്പൽ ജില്ലാ സെഷൻസ് കോടതി ആറ് പ്രതികൾക്ക് 20 വർഷം വീതം തടവ് ശിക്ഷ വിധിച്ചത്.

RNU TVPM

&&&&&&&&&&&&&&&&&&&

## സിക്കിം  –  അപകടം

സിക്കിമിൽ  നിർമാണത്തിലിരുന്ന തുരങ്കം തകർന്നുണ്ടായ അപകടത്തിൽ കാണാതായ കോട്ടയം സ്വദേശി അനീഷ് മോഹനൻറെ മൃതദേഹം കണ്ടെടുത്തു. മൃതദേഹം എത്രയും വേഗം നാട്ടിലെത്തിക്കാനുള്ള ശ്രമങ്ങൾ പുരോഗമിക്കുകയാണ്. അതെസമയം, അപകടത്തെ കുറിച്ച് അന്വേഷിക്കാൻ നാലംഗ ഉന്നതതല സമിതിയെ സിക്കിം സർക്കാർ നിയോഗിച്ചു.

&&&&&&&&&&&&&&&&&&&

## ആലിക്കുട്ടി മുസ്ലിയാർ അന്തരിച്ചു

ഇസ്ലാമിക പണ്ഡിതൻ കെ.ആലിക്കുട്ടി മുസ്ലിയാർ അന്തരിച്ചു. വാർധക്യ സഹജമായ അസുഖങ്ങളെ തുടർന്ന് ചികിത്സയിലായിരുന്നു. 2016 മുതൽ സമസ്ത സെക്രട്ടറി ആയിരുന്നു അദ്ദേഹം. ആലിക്കുട്ടി മുസ്ലിയാറുടെ നിര്യാണത്തിൽ മുഖ്യമന്ത്രി വി ഡി സതീശൻ അനുശോചിച്ചു.

&&&&&&&&&&&&&&&&&&

## ടോൾ ഫ്രീ നമ്പർ

'1076' എന്ന ടോൾഫ്രീ നമ്പറിൽ മുഖ്യമന്ത്രിയുടെ പരാതി പരിഹാര സംവിധാനത്തിൽ ബന്ധപ്പെടാൻ സാധിക്കുമെന്ന് അധികൃതർ. ഇത് സംബന്ധിച്ച് സമൂഹമാധ്യമങ്ങളിൽ തെറ്റായ വിവരങ്ങൾ ഉൾപ്പെടുത്തി നടത്തുന്ന പ്രചാരണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും ഇതിനെതിരെ ജനങ്ങൾ ജാഗ്രത പാലിക്കണമെന്നും മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെൽ അറിയിച്ചു.

&&&&&&&&&&&&&&&&&&

PNU TVPM

## കൊല്ലം (ഇൻട്രോ)

കൊല്ലം കോർപ്പറേഷൻ്റെ അറവുശാല പരീക്ഷണാടിസ്ഥാനത്തിൽ പ്രവർത്തനം ആരംഭിച്ചു. **കൂടുതൽ വിവരങ്ങളുമായി ആകാശവാണി കൊല്ലം ജില്ലാ പ്രതിനിധി നീരജ് ലാൽ.... (വോയ്സ്)**

&&&&&&&&&&&&&&&&&&

## ഇന്ത്യ- സിംബാബ്‌വെ ട്വന്റി-20 പരമ്പര

പുരുഷ ട്വന്റി-20 ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരത്തിൽ സിംബാബ്‌വെയ്ക്കെതിരെ ഇന്ത്യക്ക് 126 റൺ വിജയലക്ഷ്യം. ടോസ് നഷ്ടപ്പെട്ട് ബാറ്റിംഗിനിറങ്ങിയ സിംബാബ്‌വെ ഏഴ് വിക്കറ്റ് നഷ്ടത്തിൽ 125 റൺ എടുത്തു. പരമ്പരയിലെ രണ്ടാം മത്സരം ശനിയാഴ്ചയും മൂന്നാം മത്സരം ഞായറാഴ്ചയും നടക്കും.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&

&&&&&&&&&&&&